"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - 10.02.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പാനൂർ ബ്ലോക്ക് പഞ്ചായത്ത് - കൊവിഡ്-19 രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും രോഗം ഭേദമായവരെ തിരികെ വീട്ടിൽ എത്തിക്കുന്നതിനും ആംബുലൻസ് വാടകയ്ക്ക് എടുക്കാൻ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.611/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.02.2021-ലെ കത്ത്

2 10.02.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.47-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

പാനൂർ ബ്ലോക്ക് പഞ്ചായത്തിന് സി.എച്ച്.സി. ഇല്ലന്നിരിക്കെ, കൊവിഡ്-1 9 രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും രോഗം ഭേദമായവരെ തിരികെ വീട്ടിൽ എത്തിക്കുന്നതിനും ആംബുലൻസ് സൗകര്യം ഏർപ്പെടുത്തണമെന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പി.എച്ച്.സി.കളിലെ മെഡിക്കൽ ഓഫീസർമാർ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ കൊവിഡിന്റെ തീവ്രത കുറയുംവരെയോ 6 മാസക്കാലത്തേക്കോ ആംബുലൻസ് വാടകക്കെടുക്കാൻ പ്രത്യേകാനുമതി നൽകണമെന്ന പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ, പരാമർശം (1) കത്ത് പ്രകാരം 10.02.2021-ലെ വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതി യോഗം പരിഗണിക്കുകയും സർക്കാർ നിബന്ധനയ്ക്ക് വിധേയമായി അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ കൊവിഡ്-19 രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും രോഗം ഭേദമായവരെ തിരികെ വീട്ടിൽ എത്തിക്കുന്നതിനും, കൊവിഡിന്റെ തീവ്രത കുറയും വരെയോ 6 മാസക്കാലത്തേക്കോ നിലവിലുള്ള സർക്കാർ നിബന്ധനകൾ/നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് ആംബുലൻസ് വാടകയ്ക്കെടുക്കാൻ പാനൂർ ബ്ലോക്ക് പഞ്ചായത്തിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ പി എൻ**

**അണ്ടർ സെക്രട്ടറി**

പകർപ്പ്:പ്രസിഡണ്ട്/സെക്രട്ടറി, പാനൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ

ജില്ലാ പ്ലാനിംഗ് ഓഫീസർ,കണ്ണൂർ

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.02.26 16:02:35 IST
Reason: Approved
സെക്ഷൻ ഓഫീസർ